ദേശാഭിമാനി

19 July 2017

# കുടുംബശ്രീ പങ്കാളിത്തത്തിൽ കൂടുമത്സ്യക്കൃഷി വൻവിജയമാക്കാം: മനാഷ് ചൗധുരി

**കൊച്ചി** > സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ മതിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ 2022 ഓടെ നാലുലക്ഷം ടൺ മത്സ്യം കൂടുമത്സ്യക്കൃഷിയിലൂടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കാനാകുമെന്ന് നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ മനാഷ് ചൗധുരി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനുമായുള്ള ചർച്ചയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. മത്സ്യവിത്ത്, തീറ്റ, നിക്ഷേപത്തിനാവശ്യമായ മറ്റ് കാര്യങ്ങൾ എന്നിവയുടെ സാമ്പത്തിക അവലോകനം അനിവാര്യമാണെന്നും കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ കൂടുമത്സ്യക്കൃഷി വൻവിജയമാക്കാമെന്നും അദ്ദേഹം പറഞ്ഞു.

ദേശീയ സമുദ്രമത്സ്യമേഖലാ വികസന സൂചിക തയ്യാറാക്കണമെന്നും ദേശീയ സമുദ്രമത്സ്യ വികസനപദ്ധതി രൂപീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ബ്ലൂ ഇക്കോണമിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച 'സാഗർമാല' പദ്ധതിയിലെ നിർദേശങ്ങൾക്ക് അനുസൃതമായാണ് വികസനപദ്ധതി തയ്യാറാക്കേണ്ടത്. സമുദ്രജൈവവൈവിധ്യങ്ങളുടെ സാധ്യതയും പരിമിതികളും പഠനവിധേയമാക്കി പദ്ധതി രൂപീകരിക്കണം. സമുദ്രജല ക്കൃഷിയിൽ സ്വകാര്യനിക്ഷേപത്തിന് തടസമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദേശിക്കാനും പദ്ധതിക്ക് കഴിയണം.

സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സംസ്ഥാനങ്ങളിലെ പഠനങ്ങൾ, നയരൂപീകരണം, വികസനരേഖ തുടങ്ങിയവ രാജ്യത്തെ സമുദ്രമത്സ്യോൽപ്പാദനം വർധിപ്പിക്കുന്നതിന് സഹായകരമാണ്. വരുമാനം, ഭൗതികസാഹചര്യം, സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം, സമുദ്രസമ്പത്തിന്റെ ലഭ്യത എന്നിവ അടിസ്ഥാനമാക്കിയാണ് നയരൂപീകരണം നടത്തേണ്ടതെന്നും അദ്ദേഹം നിർദേശിച്ചു.